(ബി-ഡി) ദുരിതബാധിതരുടെ ക്ഷേമത്തിനായി ധാരാളം ആശ്വാസ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രതിമാസ പെൻഷൻ, പൂർണ്ണമായ സൗജന്യ ചികിത്സ, ദുരിതബാധിതർക്ക് ബി.പി.എൽ. കാർഡ്, സൗജന്യ റേഷൻ തുടങ്ങിയ ക്ഷേമപദ്ധതികൾക്കൊപ്പംതന്നെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സാമ്പത്തിക സഹായവും അർഹരായവർക്ക് അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഏഴോളം കേസ്സുകൾ നിലവിലുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരിൽ അർഹതയില്ലാത്തവർക്ക് സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്നകാര്യവും കോടതിയുടെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ വളരെ സൂക്ഷ്മമായി പരിശോധിച്ച് അർഹതയുള്ളവരെമാത്രം ലിസ്റ്റിൽ ഉൾപ്പെടുത്തി ആശ്വാസ നടപടികൾ സ്വീകരിക്കുകയുമാണ് സർക്കാർ ചെയ്തു വരുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും എതിരായ പരാമർശമുള്ളതായി അറിയില്ല.

എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ നബാർഡ് പാക്കേജ്

59 (7618) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ നബാർഡ് പാക്കേജിൽ എന്തുതുകയാണ് അനുവദിക്കപ്പെട്ടത് ;

(ബി) പ്രസ്തുത പാക്കേജിലെ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് ;

(സി) ഇനി സാങ്കേതികാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് ; കാലതാമസം വരാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 143.7673 കോടി രൂപയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) 201 പദ്ധതികൾക്കാണ് ഇതുവരെയായി സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 156 പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 35 പദ്ധതികൾക്ക് ഇനി സാങ്കേതികാനുമതി ലഭിക്കാനുണ്ട്. പദ്ധതികളുടെ പട്ടിക നിലവിലെ സ്റ്റാറ്റസ് അടക്കം അനുബന്ധമായി ചേർക്കുന്നു.* പദ്ധതികൾക്കാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുണ്ടായ തടസ്സങ്ങൾ വലിയ പദ്ധതികൾ എസ്റ്റിമേറ്റ്, സ്ട്രക്ചറൽ ഡിസൈനിംഗ് സംബന്ധമായ പ്രവൃത്തികൾക്കുള്ള കാലതാമസം എന്നിവയാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വൈകാനുണ്ടായ കാരണങ്ങൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ പാക്കേജ്

60 (7619) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെയായി എത്ര കോടി രൂപയുടെ സഹായങ്ങളും പദ്ധതികളും നൽകിയിട്ടുണ്ട് ; ഇതിനായി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

എൻഡോസൾഫാൻ ദുരിതബാധിതരിൽ അർഹരായവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനായി സർക്കാർ ഇതിനകം 104.405 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ ഇതിനകം 76.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(a) ഒന്നാം ഗഡു വിവരങ്ങൾ :

Category	No. of persons	Amount	Total (in lakhs)
Bed Ridden	202	1.5 lakh each	303
Mentally Retarded	916	1.5 ,,	1374
PhysicallyDisabled	797	1 ,,	797
Cancer Patients	324	1 ,,	324
Death Cases	610	1.5 ,,	915
Total	2849		3713

(b) രണ്ടാം ഗഡു വിവരങ്ങൾ :

Category	No. of persons	Amount	Total (in lakhs)
Bed Ridden	185	1.5 lakh each	277.5
Mentally Retarded	910	1.5 ,,	1365
PhysicallyDisabled	793	1 ,,	793
Cancer Patients	305	1 ,,	305
Death Cases	600	1.5 ,,	900
Total	2793		3640.5

LIBRARY ARCHIVES Kerala Legislative Assembly